പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.961 — 11.07.2016-ന് മറുപടി നൽകേണ്ടിയിരുന്നത്

## "മിച്ചഭൂമി"

**ചോദ്യം**

ശ്രീ.പി.കെ.ശശി

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | | നൽകിയ മറുപടി | അന്തിമ മറുപടി |
|---|---|---|---|---|
| (എ) | 2016- ൽ സർക്കാർ അധികാരമൊഴിയുമ്പോൾ കണ്ടെത്തിയ മിച്ചഭൂമി എത്രയെന്നും ഇതിൽ എത്ര അളവ് ഭൂമി എത്ര പേർക്ക് നൽകിയെന്നും എത്ര അളവ് ഭൂമിയിൽ കൈയ്യേറ്റം ഉണ്ടായിയെന്നും വെളിപ്പെടുത്താമോ; കൈയ്യേറ്റഭൂമി തിരിച്ചു പിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ; | (എ) | വിവരങ്ങൾ ശേഖരിച്ചു വരുന്നു.<br><br>കൈയ്യേറ്റഭൂമി തിരിച്ചു പിടിക്കുന്നതിന് ലാന്റ് കൺസർവൻസി ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. | വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കഴിഞ്ഞ സർക്കാർ നാല് ഏക്കറും അതിലധികവുമായി എത്ര പേർക്ക് പട്ടയം നൽകി, ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുന്നതോടൊപ്പം ഇവരിൽ എത്ര പേർ ഭൂമി ലഭിക്കാൻ യോഗ്യരാണെന്നും, യോഗ്യതയില്ലാത്തവർ എത്ര എന്നും ഇവർ കൈവശമാക്കിയ ഭൂമി എത്ര എന്നും അന്വേഷിക്കാനും അനധികൃത പട്ടയങ്ങൾ റദ്ദാക്കാനും എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | (ബി) | | സർക്കാർ ഉത്തരവ് (കൈ.) നം.346/2012/റവന്യൂ തീയതി 13/09/2012 പ്രകാരം കോട്ടയം ജില്ലയിലെ തീക്കോയി വില്ലേജിലെ മുരുകൻമല ക്ഷേത്രം സ്ഥിതി ചെയ്യുന്ന 25 ഏക്കർ ഭൂമിയിൽ, 15 ഏക്കർ ക്ഷേത്രസമുച്ചയം പണിയുന്നതിന് എസ്.എൻ.ഡി.പി. യോഗം മീനച്ചിൽ താലൂക്ക് യൂണിയനും, 10 ഏക്കർ വിദ്യാഭ്യാസ- സാംസ്കാരിക കേന്ദ്രം പണിയുന്നതിന് എസ്.എൻ. ഡി.പി. യോഗത്തിന്റെ തന്നെ വിദ്യാഭ്യാസ ഏജൻസിയായ എസ്.എൻ. ട്രസ്റ്റിനും പതിച്ചു നൽകിയിട്ടുണ്ട്. ഇതൊഴികെ സംസ്ഥാനത്ത് ആർക്കുംതന്നെ നാല് ഏക്കറിൽ കൂടുതൽ മിച്ചഭൂമി പട്ടയം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ. നം. | ജില്ല | 2016- ൽ മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ കണ്ടെത്തിയ മിച്ചഭൂമിയും ആയതിന്റെ വിതരണവും കയ്യേറ്റങ്ങളും സംബന്ധിച്ച വിശദ വിവരങ്ങൾ. |
|---|---|---|
| 1 | തിരുവനന്തപുരം | നിലവിൽ 3.8505 ഹെക്ടർ മിച്ചഭൂമി അവശേഷിക്കുന്നു. ഇതിൽ 0.5135 ഹെക്ടർ ഭൂമിയിന്മേൽ കയ്യേറ്റമുണ്ട്. ആയത് ഒഴിപ്പിക്കുന്നതിന് അതാത് അഡീഷണൽ തഹസിൽദാർ മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2 | കൊല്ലം | 2016-ൽ സർക്കാർ അധികാരമൊഴിയുമ്പോൾ കണ്ടെത്തിയ മിച്ചഭൂമി 07.31.85 ഹെക്ടറാണ്. പ്രസ്തുത ഭൂമി വിതരണം ചെയ്തിട്ടില്ല. ടി ഭൂമിയിൽ കയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| 3 | പത്തനംതിട്ട | 2016-ൽ സർക്കാർ അധികാരമൊഴിയുമ്പോൾ മിച്ചഭൂമി കണ്ടെത്തിയിട്ടില്ലാത്തതാണ്. നേരത്തെ ഏറ്റെടുത്തതിൽ അവശേഷിക്കുന്ന മിച്ചഭൂമി ആർക്കും പതിച്ച നൽകിയിട്ടില്ല. മിച്ചഭൂമിയിൽ കയ്യേറ്റങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| 4 | ആലപ്പുഴ | 2016-ൽ മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ ആകെ 17.8025 ഹെക്ടർ മിച്ചഭൂമിയായി കണ്ടെത്തിയിട്ടുണ്ട്. ആർക്കും പതിച്ചു നൽകിയിട്ടില്ല. (ടി ഭൂമിയുമായി ബന്ധപ്പെട്ട ഉടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിലും / താലൂക്ക് ലാന്റ് ബോർഡിലും കേസ് /ആക്ഷേപം സമർപ്പിച്ചിട്ടുള്ളതാണ്) |
| 5 | കോട്ടയം | 2016-ൽ മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ 10.0226 ഹെക്ടർ മിച്ചഭൂമിയായി കണ്ടെത്തിയിട്ടുണ്ട്. മീനച്ചിൽ താലൂക്കിലെ പൂഞ്ഞാർ നടുഭാഗം വില്ലേജിൽ, മുൻപ് ഏറ്റെടുത്തത് ഉൾപ്പെടെ 11.75.23 ഹെക്ടർ മിച്ചഭൂമിയിൽ അനധികൃത കയ്യേറ്റമുണ്ട്. ടി മിച്ചഭൂമി കയ്യേറിയവരിൽ 32 പേർക്ക് പട്ടയം നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| 6 | ഇടുക്കി | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 16.12.60 ഹെക്ടർ മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്. ആയതിൽ 0.4310 ഹെക്ടർ ഭൂമി 41 പേർക്കായി നൽകിയിട്ടുണ്ട്. മറ്റ് ഭൂമിയിൽ കയ്യേറ്റങ്ങളൊന്നും ശ്രദ്ധയിൽ പ്പെട്ടിട്ടില്ലാത്തതാണ്. |
| 7 | എറണാകുളം | 2016-ൽ സർക്കാർ അധികാരമൊഴിയുമ്പോൾ കൈവശമുള്ള മിച്ചഭൂമി 68.41.94 ഹെക്ടറാണ്. ടി ഭൂമി പതിവ് യോഗ്യമല്ലാത്തതിനാൽ ആർക്കും തന്നെ പതിച്ച് കൊടുത്തിട്ടില്ലാത്തതാണ്. ടി മിച്ചഭൂമിയിൽ കയ്യേറ്റങ്ങൾ ഒന്നും തന്നെയില്ല. |

| | | |
|---|---|---|
| 8 | തൃശ്ശൂർ | 12.8957 ഹെക്ടർ മിച്ചഭൂമി കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി പതിച്ച് നൽകിയിട്ടില്ല. ആയതിൽ കയ്യേറ്റങ്ങളില്ല. |
| 9 | പാലക്കാട് | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 534.8505 ഹെക്ടർ മിച്ചഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 41.4319 ഹെക്ടർ മിച്ചഭൂമി 492 പേർക്കായി നൽകിയിട്ടുള്ളതാണ്. ഏറ്റെടുത്ത മിച്ചഭൂമിയിൽ കയ്യേറ്റം ഉണ്ടായിട്ടില്ല. |
| 10 | മലപ്പുറം | 2016-ൽ സർക്കാർ അധികാരമൊഴിയുമ്പോൾ 18.2925 ഹെക്ടർ മിച്ചഭൂമി കണ്ടെത്തി. ആയതിൽ കയ്യേറ്റങ്ങൾ ഒന്നും തന്നെയില്ല. |
| 11 | കോഴിക്കോട് | 9.1629 ഹെക്ടർ മിച്ചഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1.944 ഹെക്ടർ 38 പേർക്കായി വിതരണം ചെയ്തിട്ടുണ്ട്. മറ്റ് മിച്ചഭൂമിയിൽ കയ്യേറ്റങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. |
| 12 | വയനാട് | 2016-ൽ സർക്കാർ അധികാരമൊഴിയുമ്പോൾ 2891.9501 ഹെക്ടർ മിച്ചഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1201.4146 ഹെക്ടർ മിച്ചഭൂമി 6507 പേർക്കായി പതിച്ച് നൽകി. 142.4031 ഹെക്ടർ മിച്ചഭൂമിയിൽ കയ്യേറ്റമുണ്ടായി. ഭൂമി തിരിച്ച് പിടിക്കാൻ നിയമപരമായി എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. |
| 13 | കണ്ണൂർ | 2016-ൽ സർക്കാർ അധികാരമൊഴിയുമ്പോൾ 14.4415 ഹെക്ടർ മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിൽ ഇരിട്ടി താലൂക്കിൽ 4.36.46 ഹെക്ടർ ഭൂമി '*ഭൂരഹിതരില്ലാത്ത കേരളം*' പദ്ധതിയിൽ ഉൾപ്പെടുത്തി 114 പേർക്ക് പതിച്ച് നൽകാൻ തീരുമാനമായിട്ടുണ്ട്. ഏറ്റെടുത്ത മിച്ചഭൂമിയിൽ കയ്യേറ്റം ഒന്നും തന്നെ ഉണ്ടായിട്ടില്ല. |
| 14 | കാസർഗോഡ് | 2016-ൽ സർക്കാർ അധികാരമൊഴിയുമ്പോൾ മിച്ചഭൂമി കണ്ടെത്തിയിട്ടില്ലാത്തതും, പതിച്ച് നൽകിയിട്ടില്ലാത്തതും, കയ്യേറിയിട്ടില്ലാത്തതുമാണ്. |

SO